**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3235** **01-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്കൂൾ കലോത്സവ സ്വാഗത ഗാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വാഗതഗാനത്തിന്റെ രംഗാവിഷ്ക്കാരം സംബന്ധിച്ച് ഉയർന്ന പരാതിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സ്വാഗത ഗാനത്തിന് രംഗാവിഷ്ക്കാരം നൽകിയ സംഘത്തിനെതിരെ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 61-ാമത് കേരള സ്കൂൾ കലോത്സവത്തിലെ സ്വാഗത ഗാനത്തിന്റെ രചന നിർവ്വഹിച്ചത് പ്രശസ്ത കവി ശ്രീ.പി.കെ.ഗോപിയാണ്. "മാതാ" പേരാമ്പ്ര എന്ന സ്ഥാപനമാണ് ആയതിന്റെ ദൃശ്യാവിഷ്കാരം നടത്തിയത്. ഭാവിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളിൽ ഒന്നും തന്നെ മേൽ സ്ഥാപനത്തെ പങ്കെടുപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ജാഗ്രത പുലർത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## റിപ്പോർട്ട്

61-ാമത് കേരള സ്കൂൾ കലോത്സവത്തിലെ സ്വാഗത ഗാനത്തിന്റെ രചന നിർവഹിച്ചത് പ്രശസ്ത കവി ശ്രീ.പി.കെ. ഗോപിയാണ്. 'മാതാ' പേരാമ്പ്ര എന്ന സ്ഥാപനമാണ് ആയതിന്റെ ദൃശ്യാവിഷ്കാരം നടത്തിയ്. പ്രസ്തുത സ്ഥാപനത്തിന്റെ മേധാവിയായ ശ്രീ.കനകദാസ് എന്നയാൾ നേരിട്ട് സമീപിച്ച് ആവശ്യപ്പെട്ടതിൻ പ്രകാരമാണ് ദൃശ്യാവിഷ്കാരം അവതരിപ്പിക്കാനുള്ള അനുമതി നൽകിയത്. കലോത്സവം കൺവീനർമാരുടെ ആദ്യ യോഗത്തിൽ ഈ കാര്യം അവതരിപ്പിച്ചെങ്കരലും ആരും എതിരഭിപ്രായം രേഖപ്പെടുത്തിയിരുന്നില്ല. നിരവധി സർക്കാർ പരിപാടികൾ ഏറ്റെടുത്ത സ്ഥാപനമാണെന്ന് അറിഞ്ഞതിലുമാണ് മേൽ സ്ഥാപനത്തിന് അനുമതി നൽകിയത്. കോഴിക്കോട് ജില്ലയിലെ പൊതുവിദ്യാലയങ്ങളിലെ 61 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഗാനം ചിട്ടപ്പെടുത്തി പരിശീലനം ആരംഭിക്കുകയും പിന്നീട് അദ്ധ്യാപകർ ഉൾപ്പെടെയുള്ള മാതായിലെ കലാകാരൻമാരെ ഉൾപ്പെടുത്തി ദൃശ്യാവിഷ്കാരത്തിന്റെ റിഹേഴ്സൽ ആരംഭിക്കുകയും ചെയ്തു. നിരവധി തവണ റിഹേഴ്സൽ ക്യാമ്പ് സന്ദർശിച്ചിരുന്നെങ്കിലും അസ്വാഭാവികത ശ്രദ്ധയിൽപെട്ടിരുന്നില്ല. 2023 ജനുവരി 7 ന് കാരാപറമ്പ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ അവസാന റിഹേഴ്സൽ നടത്തിയപ്പോഴും വേഷവിധാനങ്ങൾ ഉണ്ടായിരുന്നില്ല. ഉദ്ഘാടന വേളയിൽ സ്റ്റേജിൽ അവതരിപ്പിക്കുമ്പോൾ മാത്രമാണ് കലാകാരൻമാരുടെ വേഷവിധാനങ്ങൾ കാണുന്നത്. ഈ വിവാദത്തിന് കാരണമായത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടേയും സ്വീകരണ കമ്മിറ്റിയുടേയും നിർദേശങ്ങൾ അവഗണിച്ച ശ്രീ.കനകദാസ് പേരാമ്പ്രയുടെ പ്രവൃത്തിയാണ്. ഇതിനെ തുടർന്ന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ.കനകദാസ് പേരാമ്പ്രയെ നേരിട്ട് വിളിച്ച് വരുത്തുകയും വിവരങ്ങൾ ആരായുകയും ചെയ്തു. മലയാളം തിയറ്ററിക്കൽ ഹെറിറ്റേജ് & ആർട്ട്സ് എന്നത് പേരാമ്പ്ര ആസ്ഥാനമായ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കലാപഠന ഗവേഷണ അവതരണ സ്ഥാപനമാണെന്നും കലയോട് താൽപര്യമുള്ളവരായ അംഗങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും 2010-ലെ സംസ്ഥാന സ്കൂൾ യുജനോത്സവത്തിൽ സ്വാഗതഗാനത്തിന് ദൃശ്യാവിഷ്കാരം ഒരുക്കിയുട്ടുണ്ടെന്നും നിയമസഭയിലെ കേരള പിറവി വജ്രജൂബിലി പരിപാടിയിൽ നൃത്തം തയ്യാറാക്കിയിട്ടുണ്ടെന്നും കേരള നിയമസഭയിൽ എഴ് തവണ പരിപാടി അവതരിപ്പിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ പ്രൊഡക്ഷൻ ഗ്രാന്റും സാലറി ഗ്രാന്റും സ്ഥാപനത്തിന് ലഭിക്കുന്നുണ്ടെന്നും സ്ഥാപനത്തിന്റെ ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

61-ാമത് കേരള സ്കൂൾ കലോത്സവത്തിൽ സ്വാഗത ഗാനത്തിന്റെ ദൃശ്യാവിഷ്കാരം നടത്തിയ് പ്രസ്തുത സ്ഥാപനത്തിന്റെ മേധാവിയായ ശ്രീ.കനകദാസ്

ആണ്. കലോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങുകൾ നടക്കുന്നത് രക്തസാക്ഷിയായ ക്യാപ്റ്റൻ വിക്രമിന്റെ നാമധേയത്തിലുള്ള സ്ഥലത്തായതിനാൽ വീരജവാൻമാരെ അനുസ്മരിക്കുന്ന ദൃശ്യം ഉൾപ്പെടുത്തുകയായിരുന്നു. തീവ്രവാദികൾ ബോംബ് സ്ഫോടനം നടത്തിയപ്പോൾ പട്ടാളക്കാർ കമഴ്ന്ന് കിടക്കുന്നതും ക്യാപ്റ്റൻ വിക്രം എന്ന് തോന്നുന്ന ആൾ മരിക്കുന്നതും, പിന്നീട് തീവ്രവാദി എന്ന് തോന്നിപ്പിക്കുന്ന ഒരാളെ പട്ടാളക്കാർ കീഴ്പ്പെടുത്തുന്നതും, പിന്നീട് പട്ടാളക്കാർ ദേശീയപതാക ഏന്തുന്നതുമാണ് ചിത്രീകരിച്ചത്. ദൃശ്യത്തിൽ പട്ടാളക്കാരാൽ പിടിക്കപ്പെടുന്ന വ്യക്തിക്കുള്ള വസ്ത്രങ്ങൾ യാതൊരു മുൻവിധിയോടുകൂടിയും തെരഞ്ഞെടുത്തതല്ലായെന്നും ആ കലാകാരന്റെ ബാഗിൽ ഉണ്ടായിരുന്ന ഒരു ഖാദി തോർത്ത് തലയിൽ കെട്ടുകയായിരുന്നു എന്നും ഏതെങ്കിലും ഒരു മതവിഭാഗത്തെ അധിക്ഷേപിക്കുവാനുള്ള ഉദ്ദേശം ഈ വേഷവിധാനത്തിനൊ ദൃശ്യാവിഷ്ക്കാരത്തിനോ ഇല്ലെന്നും വിമർഷനങ്ങൾ തികച്ചും തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ ഉയർന്നതാണെന്നും ശ്രീ.കനകദാസ് ബോധിപ്പിച്ചു.

ഏഷ്യയിലെ ഏറ്റവും ബൃഹത്തായ സാംസ്കാരിക സംഗമം എന്ന ഖ്യാതി കേരള സ്കൂൾ കലോത്സവത്തിനുണ്ട്. അതുകൊണ്ടുതന്നെ ഇതിന്റെ ഉദ്ഘാടന ചടങ്ങിന് വലിയ പ്രാധാന്യം ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും എം.എൽ.എ മാരും മറ്റ് ജനപ്രതിനിധികൾ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയ വിശിഷ്ടാതിഥികൾ പങ്കെടുത്ത ചടങ്ങ് എന്ന പ്രാധാന്യവും അതിനുണ്ടായിരുന്നു. അതിബൃഹത്തായ സാംസ്കാരിക ഉത്സവത്തിൽ വേഷവിധാനം ഒരുക്കുമ്പോൾ സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കുന്ന വിഷയങ്ങൾ ഉണ്ടാകാൻ പാടില്ലായിരുന്നു. ദൃശ്യാവിഷ്ക്കാരത്തിലെ വേഷവിധാനം തെരഞ്ഞെടുക്കുന്നതിൽ നൃത്തസംവിധാനം ചെയ്ത മാതാ പേരാമ്പ്ര എന്ന സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും വീഴ്ച്ച സംഭവിച്ചിട്ടുണ്ട് എന്ന വസ്തുതയും ഇതിനാൽ റിപ്പോർട്ട് ചെയ്യുന്നു.

(ഒപ്പ്)

വിദ്യാഭ്യാസ ഉപഡയറക്ടർ കോഴിക്കോട്